LIBRARY ARCHIVES Kerala Legislative Assembly

ചടയമംഗലം കോട്ടുക്കലിലെ മൾട്ടി സ്പോർട്സ് കോംപ്ലക്സ്

268 (2012) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചടയമംഗലം കോട്ടുക്കലിൽ മൾട്ടി സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കുമെന്ന വാഗ്ദാനം പാലിക്കുന്നതിനുള്ള നടപടി സത്വരം സ്വീകരിക്കുമോ?

ഉത്തരം

കൊല്ലം ജില്ലയിലെ ചടയമംഗലത്ത് സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ (സായി)യുടെ ആഭിമുഖ്യത്തിൽ ഒരു മൾട്ടി സ്പോർട്സ് അക്കാദമി സ്ഥാപിക്കുന്നതിനുള്ള, സംസ്ഥാന സർക്കാരിന്റെ സമ്മതം 29-8-2014-ലെ 804/എ 2/2010 കാ.യു.വ. കത്ത് പ്രകാരം കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയത്തിനെ അറിയിച്ചിരുന്നു. സായി-യിൽ നിന്നും ലഭിച്ച വിവരപ്രകാരം പ്രസ്തുത സ്ഥലത്ത് അക്കാദമി സ്ഥാപിക്കുന്നതിന് സായി-ക്ക് യോജിപ്പില്ലായെന്നറിയിച്ചിട്ടുണ്ട്. എന്നിരുന്നാലും ഇക്കാര്യം സായി കേന്ദ്രവുമായി ബന്ധപ്പെട്ട് പരിഗണിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

നടക്കാവ് വലിയകൊവ്വൽ ഫുട്ബോൾ അക്കാദമി

269 (2013) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ മേഖലയിൽ ഫുട്ബാൾ പരിശീലനം സ്ഥിരമായി നൽകുന്നതിന് നടക്കാവ് വലിയകൊവ്വൽ കേന്ദ്രീകരിച്ച് ഫുട്ബോൾ അക്കാദമി തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

കാസർഗോഡ് തൃക്കരിപ്പൂർ മേഖലയിൽ ഫുട്ബോൾ അക്കാദമി തുടങ്ങുന്നത് സംബന്ധിച്ച് അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല. ഫുഡ്ബോൾ അക്കാദമി ആരംഭിക്കുന്ന വിഷയം തൽക്കാലം പരിഗണനയിലില്ല.

കായികനയം പരിഷ്കരിക്കാൻ കർമ്മ പദ്ധതി

270 (2014) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായികനയം പരിഷ്കരിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) 13-2-2015-ലെ സർക്കാർ ഉത്തരവ് നമ്പർ 24/15/കാ.യു.വ., 9-3-2015-ലെ 37/15/കാ.യു.വ. എന്നിവ പ്രകാരം ചുവടെ പറയുന്നവരെ ഉൾപ്പെടുത്തി സംസ്ഥാന കായിക നയം പരിഷ്കരിക്കുന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു ഹൈപ്പവർ കമ്മിറ്റി രൂപീകരിച്ചിരുന്നു.

1	ഡോ. ജി. എസ്.ജി. അയ്യങ്കാർ, ജോയിന്റ് സെക്രട്ടറി, കായികയുവജനകാര്യ മന്ത്രാലയം, കേന്ദ്രസർക്കാർ & വൈസ് ചാൻസിലർ (i/c), എൽ. എൻ. യു. പി. ഇ.; ഗ്വാളിയോർ-ചെയർമാൻ
2	പത്മശ്രീ പി. ടി. ഉഷ-മെമ്പർ
3	ഡോ. ദലീൽ സിംഗ് ചൗഹാൻ, അർജ്ജുന അവാർഡ് ജേതാവ്, ഡയറക്ടർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ & സ്പോർട്സ്, കുരുക്ഷേത്ര യൂണിവേഴ്സിറ്റി, ഹരിയാന-മെമ്പർ
4	ഡോ. ബിനു ജോർജ് വർഗീസ് സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ-കൺവീനർ
5	ദേശീയ ഷൂട്ടിംഗ് പരിശീലകൻ പ്രൊഫസർ സണ്ണി തോമസ്-മെമ്പർ

(ബി) സംസ്ഥാന കായികനയ പരിഷ്കരണം സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് പ്രസ്തുത കമ്മിറ്റി രൂപീകരിച്ചിരുന്നത്.

സംസ്ഥാന കായിക വികസനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ ഹൈപ്പവർ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഹൈപ്പവർ കമ്മിറ്റിയിൽനിന്നും ലഭിച്ച റിപ്പോർട്ട് അഭിപ്രായം അറിയിക്കുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് നൽകിയിട്ടുള്ളതും കൗൺസിൽ ആയതിലേയ്ക്കായി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് 4 അഡ്മിനിസ്ട്രേറ്റീവ് ബോർഡ് അംഗങ്ങൾ ഉൾപ്പെട്ട ഒരു സബ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly